ശ്രീ. പി. സി. ജോസഫ്: കടലിലും കായലിലും പോകുന്നില്ലെങ്കിലും സൈക്കിളിലും തലച്ചുമടായും മറ്റും മൽസ്യം വിറ്റുമാത്രം ഉപജീവനം കഴിക്കുന്ന മൽസ്യത്തൊഴിലാളികൾക്കുകൂടി മൽസ്യത്തൊഴിലാളികൾക്കു നൽകുന്ന ആനുകൂല്യങ്ങൾ നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അതു സാദ്ധ്യമല്ല. അവർക്ക് മറ്റ് എന്തൊനുകൂല്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണ്.

കൃഷിവകുപ്പിൽ ഗസറ്റഡ് ആഫീസറൻമാരുടെ പുതിയ തസ്തികകൾ

* 62 [70] ശ്രീ. ടി. കെ. അബ്ദു:

,, എം. സത്യനേശൻ:

,, എം. വി. രാഘവൻ:

,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ മുന്നൂറോളം ഗസറ്റഡ് ആഫീസറൻമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബ) എങ്കിൽ ഇതുമൂലം എന്തു സാമ്പത്തിക ബാദ്ധ്യത ഗവൺമെൻറിനുണ്ടാകും എന്ന് വ്യക്തമാക്കുമോ;

(സി) ഈ തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ഉദ്ദേശമെന്താണ്?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. അബ്ദു: കേന്ദ്രഗവൺമെൻറ് അനുവദിക്കുന്ന ഗ്രാമവികസന സംയോജിത പ്രവർത്തനങ്ങൾക്കുവേണ്ടി 100 കോടി രൂപ കേന്ദ്ര ഗവൺമെൻറ് അനുവദിക്കുന്നു എന്നും ആ പണം ഉപയോഗിച്ച് കൃഷിവികസനത്തിന് ഉപദേശകസമിതികൾ ഉണ്ടാക്കുന്നതിന് ഈ മന്ത്രിസഭ കൂടി ആലോചിച്ച് തീരുമാനം എടുത്തു എന്നും ഒരു പത്രറിപ്പോർട്ട് വന്ന സംഗതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: ആലോചിച്ചു വരുന്നതേയുള്ളു.

ശ്രീ. എം. സത്യനേശൻ: ഇന്നലെ ഈ സഭയിൽ ഗ്രാമവികസന പദ്ധതി നടപ്പാക്കാൻവേണ്ടി ഗസറ്റഡ് തസ്തികയിലുള്ള 300 ഉദ്യോഗസ്ഥൻമാരുടെ തസ്തികകൾ സൃഷ്ടിക്കാൻ പോകുന്നതായി പറഞ്ഞു. ഇന്ന് കൃഷി ഡിപ്പാർട്ടുമെൻറിൽ 300 തസ്തികകൾ സൃഷ്ടിക്കാൻ പോകുന്നതിന്റെ ഉദ്ദേശമെന്താണ്?

ശ്രീ. എ. എൽ. ജേക്കബ്: കൃഷി വകുപ്പിൽ പുതുതായി 300 ഗസറ്റഡ് തസ്തികകൾ സൃഷ്ടിക്കാനുള്ള ഉദ്ദേശം ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിൽ ഇല്ല. എന്നാൽ സംസ്ഥാനത്ത് ടി. ആൻറ് വി. പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി 10.23 കോടി രൂപയുടെ ഒരു കരടുരേഖ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെൻറ് അംഗീകരിച്ചു ലോകബാങ്കിൻെറ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെൻറിനു് അയച്ചുകൊടുത്തിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ സംസ്ഥാനഗവൺമെൻറുമായി ചർച്ച ചെയ്തു് അന്തിമരൂപം നൽകുന്നതിനുവേണ്ടി ലോകബാങ്കിൻെറ ഒരു പഠന സംഘം ആഗസ്റ്റ് 16-ാം തീയതി മുതൽ 21-ാം തീയതി വരെ സംസ്ഥാനത്തു് പര്യടനം നടത്തുകയുണ്ടായി. ഈ പദ്ധതിയുടെ നടത്തിപ്പിലേക്കു വേണ്ടി 220 ഗസറ്റഡ് തസ്തികകൾ വരുന്ന മൂന്നു് കൊല്ലങ്ങളായി സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശവും കരടു് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ടി. കെ. അബ്ദു: കൃഷി ഡിപ്പാർട്ടുമെൻറിൽ എത്ര ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ ഇന്നു് നിലവിലുണ്ടെന്നു് വ്യക്തമാക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: വേറെ ചോദ്യം ചോദിക്കണം.

ശ്രീ. എം. വി. രാഘവൻ: ലോകബാങ്കിനു് സമർപ്പിച്ച സ്കീമിനെ അടിസ്ഥാനപ്പെടുത്തി 220-ഓളം ഗസറ്റഡ് തസ്തികകൾ സൃഷ്ടിക്കാൻ പോകുന്നുണ്ടു് എന്നുപറഞ്ഞു. ആ സ്കീമിനു് വല്ല അംഗീകാരവും കിട്ടിയിട്ടുണ്ടോ; സെൻട്രൽ ഗവൺമെൻറ് അതു് അപ്രൂവ് ചെയ്തിട്ടുണ്ടോ; എന്താണു് അതിൻെറ നില?

ശ്രീ. എ. എൽ. ജേക്കബ്: അംഗീകാരം കിട്ടിയിട്ടില്ല. ഒരു കരടു പദ്ധതി ഉണ്ടാക്കി അയച്ചിട്ടുണ്ടു്.

ശ്രീ. എം. വി. രാഘവൻ: അങ്ങനെ ഇരിക്കുമ്പോൾ പിന്നെ ഉദ്യോഗ നിയമനം ഇപ്പോൾ ആലോചനയിൽ ഇരിക്കുന്നതിൻെറ അർത്ഥമെന്താണു്?

ശ്രീ. എ. എൽ. ജേക്കബ്: കിട്ടുമ്പോഴല്ലേ ഉള്ളൂ.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: ഞാൻ ഇന്നലെ 300 ഉദ്യോഗസ്ഥൻമാരെ നിയമിക്കാൻ പോകുന്നുണ്ടോ എന്നു് ചോദിച്ചപ്പോൾ ഇല്ലെന്നു പറഞ്ഞു. ഇന്നു് 220 ഗസറ്റഡ് തസ്തികകൾ റെക്കമെൻറ് ചെയ്തിരിക്കുന്നു എന്നാണു് മന്ത്രി പറഞ്ഞതു്. ഈ പദ്ധതിക്കു് ലോകബാങ്കു് 100 കോടി കൊടുത്തിരിക്കുന്നതു് കൃഷിക്കാർക്കു് വിത്തും വളവും കീടനാശിനിയും ഉപയോഗിച്ചു് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിൻെറ ആവശ്യത്തിനുവേണ്ടിയാണു്. അതല്ലാതെ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടു് പണം ദുരുപയോഗപ്പെടുത്താൻ വേണ്ടിയുള്ള ഉദ്ദേശം ഈ ഗവൺമെൻറിനുണ്ടോ എന്നാണു് ചോദ്യം?

ശ്രീ. എ. എൽ. ജേക്കബ്: തസ്തികകൾ സൃഷ്ടിച്ചിട്ടില്ല, സൃഷ്ടിക്കാൻ ആലോചിച്ചു വരികയാണു്.

ശ്രീ. പി. സി. ജോസഫ്: ഗസറ്റഡ് ഉദ്യോഗസ്ഥൻമാരുടെ നിയമനത്തെപ്പറ്റി ആലോചനയുണ്ടെന്നു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇന്നു് സംസ്ഥാനത്തിൻെറ നാനാഭാഗത്തുമുള്ള ഗ്രാമങ്ങളിലും ബോർഡുകൾ മാത്രമായി സേവനം അനുഷ്ഠിക്കുന്ന ഏലാ യൂണിറ്റിൽ ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിനു് ദയവുണ്ടാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: ഈ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ സഭയിൽ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര കാർഷിക വികസന പദ്ധതിയുടെ പ്രവർത്തനം എവിടംവരെയായി; നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അതോ ഗവൺമെൻറ് അത് ഉപേക്ഷിച്ചതായി കണക്കാക്കാമോ?

ശ്രീ. എ. എൽ. ജേക്കബ്: വേറെ ചോദ്യം ചോദിച്ചാൽ അതേപ്പറ്റി ആലോചിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി: അത് നടപ്പാക്കാനുള്ള വല്ല നടപടിയും ആരംഭിച്ചിട്ടുണ്ടോ; ഒരു ജില്ലയിൽ രണ്ട് ബ്ലോക്കുകൾ വീതം കേരള സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും സമഗ്ര കാർഷിക വികസന പദ്ധതി നടപ്പാക്കുമെന്ന് ഈ സഭയിൽ ബഡ്ജറ്റ് പ്രസംഗത്തിലും ബഡ്ജറ്റ് പ്രൊപോവിഷൻ ഉണ്ടാക്കിയപ്പോഴും പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതിന്റെ നടപടി എവിടെവരെയായി?

ശ്രീ. എ. എൽ. ജേക്കബ്: അതിന്റെ വിശദാംശങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: വിശദാംശങ്ങളെപ്പറ്റി അശേഷം ആലോചിക്കാതെയാണോ ഇങ്ങനെയൊരു പദ്ധതി ആവിഷ്ക്കരിച്ച് സഭയിൽ പ്രഖ്യാപിച്ചത്?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): മൈനർ ഇറിഗേഷനാണ് മുഖ്യമായുള്ളത്. മറ്റുള്ളവ ഇൻപുട്സിന് കൂടി മാറ്റണമെന്നാണ്. ആദ്യം ബ്ലോക്കുകളെല്ലാം ഐഡൻറിഫൈ ചെയ്യണം. അണ്ടർ വാട്ടർ ഫ്ളോ എത്രത്തോളം എന്നുള്ള സർവ്വേ നടത്തിയതിനുശേഷം വേണം അത് നടപ്പിലാക്കാൻ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പല പദ്ധതികളുടെയും ഭാഗമായി ഗവൺമെൻറിൽനിന്ന് നാലഞ്ചു വർഷക്കാലത്തേക്ക് പല സഹായധനങ്ങളുടെയും അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കാറുണ്ട്. അങ്ങനെ സൃഷ്ടിക്കുന്ന തസ്തികകളൊന്നും കുറവു ചെയ്യാതെ കൂടുതലായി പിന്നീട് പിന്നീട് വരുന്ന പല തസ്തികകളും സൃഷ്ടിക്കുകയും പല പരിപാടികളുടെയും ഫലമായി തസ്തിക ഉണ്ടാക്കുകയും ചെയ്യുന്ന പരിപാടി ഗവൺമെൻറ് അവസാനിപ്പിച്ചുകൊണ്ട് അങ്ങനെ സൃഷ്ടിക്കുന്ന തസ്തികകൾക്ക് പകരം നേരത്തെയുള്ള തസ്തികകളിലേക്ക് മാറ്റുന്നതിനെപ്പറ്റി ആലോചിച്ചുകൂടെ?

ശ്രീ. എ. എൽ. ജേക്കബ്: തസ്തികയ്ക്കുവേണ്ടി മാത്രം തസ്തികകൾ ഉണ്ടാക്കാറില്ല. പദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടി തസ്തികകൾ ഉണ്ടാക്കാറുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പല പദ്ധതികളുടെയും പഞ്ചവൽസരപദ്ധതികളുടെയും ഭാഗമായി പല തസ്തികകൾ സൃഷ്ടിക്കുന്നു. അതിനുള്ള അസിസ്റ്റൻസ് നിറുത്തിക്കഴിയുമ്പോൾ പിന്നെയും ആ തസ്തിക തുടരുകയും പിന്നീട് വരുന്ന അസിസ്റ്റൻസിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ ഉണ്ടാക്കുകയും ചെയ്യുന്ന പ്രവണത ഗവൺമെൻറിലുണ്ടോ; അങ്ങനെ ഉണ്ടാക്കാതെ ധനസഹായം അവസാനിപ്പിച്ചിരിക്കുന്ന തസ്തികകൾ ഇങ്ങോട്ട് കൺവർട്ട് ചെയ്തുകൂടെ എന്നാണ് ചോദ്യം?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): കഴിയുന്നത്ര സൂപ്പർന്യൂമററി ആയി വരുന്ന ആളുകളെ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ നിയമിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കല്പട നാരായണൻ: പല ഐ. ടി. ഡി. യൂണിറ്റിലും ആവശ്യമായ സ്റ്റാഫില്ല എന്ന് കേരളക്കുന്നുണ്ട്. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയും വേഗം സ്റ്റാഫിനെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: വേണ്ടത് ചെയ്യാം.

ശ്രീ. എം. വി. രാജഗോപാലൻ: 220 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരെ നിയമിക്കും എന്നു പറഞ്ഞു. ഇതുകൊണ്ട് എങ്ങനെയാണ് ഗ്രാമീണ കർഷകരെ സഹായിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: പദ്ധതി നടപ്പിലാക്കി കഴിഞ്ഞതിനു ശേഷം മാത്രമേ പറയാൻ കഴിയുകയുള്ളു.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സംയോജന ഗ്രാമവികസന പദ്ധതിയെക്കുറിച്ച് ചോദിച്ചപ്പോൾ 320 എന്നുള്ളത് മാറ്റി 220 തസ്തിക സൃഷ്ടിക്കാൻ ആലോചിക്കുന്നുണ്ടെന്ന് പറഞ്ഞു. ആലോചനയെല്ലാം ഉപേക്ഷിച്ച് ഈ പദ്ധതിയും ഏലാ പദ്ധതിയും മറ്റെല്ലാ പദ്ധതികളും നടപ്പിൽ വരുത്തുന്നതിന് താഴെ നിലവാരത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാരേയും അഗ്രികൾച്ചറൽ ഡിപ്ലോമയുള്ള ആളുകളേയും നിയമിച്ച് കൃഷിക്കാർക്ക് അതിന്റെ മെച്ചം കിട്ടാൻ വേണ്ടി ആത്തരത്തിൽ താഴെക്കിടയിലുള്ള ആളുകളെ നിയമിക്കാൻ നടപടി എടുക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതൊരു നിർദ്ദേശമാണ്.

(ചോദ്യം 71 ചോദിച്ചിട്ടില്ല)

ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർക്ക് ബോണസ്

* 63 [72] ശ്രീ. എം. കെ. കൃഷ്ണൻ:
,, ടി. കെ. അബ്ദു:
,, എം. വി. രാഘവൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, ഈപ്പൻ കണ്ടക്കുടി:
ഡോക്ടർ ജോർജ്ജ് മാത്യു:

ശ്രീ. എം. വി. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർക്ക് എത്ര ശതമാനം ബോണസ് നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) പ്രഖ്യാപിച്ച ബോണസ് ജീവനക്കാർ വാങ്ങുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly